പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ. 1516

15.06.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷാ മിഷൻ

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഇപ്പോൾ നടപ്പാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച വിശദാംശം നൽകാമോ ; | എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹസാന്ത്വനം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരായി കണ്ടെത്തിയിട്ടുള്ള 4070 പേർക്കും അർഹതയ്ക്കനുസരിച്ച് 1000 രൂപ, 2000 രൂപ ക്രമത്തിൽ പ്രതിമാസ ധന സഹായം അനുവദിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും 2000 മുതൽ 4000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരുമായവരെ പരിചരിക്കുന്ന പരിചാരകർക്ക് 400/- രൂപ പ്രതിമാസ ധന സഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം 22480-ൽ പരം ഗുണഭോക്താക്കൾക്ക് ധന സഹായം നൽകുന്നു. അഗതികളായ അവിവാഹിത അമ്മമാർക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്ന സ്നേഹസ്പർശം പദ്ധതിയിൽ അർഹരായ 461 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചു വരുന്നു.<br>മാരക രോഗബാധിതരും ക്യാൻസർ രോഗബാധിതരും ആയ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതികളാണ് താലോലം. ക്യാൻസർ സുരക്ഷാ പദ്ധതികൾ. സംസ്ഥാനത്ത് തിരഞ്ഞെടുത്ത ആശുപത്രികൾ മുഖേന ഈ പദ്ധതികൾ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ-സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും സമയ ബന്ധിതമായി മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.<br>വയോമിത്രം പദ്ധതി : 65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/മുൻസിപ്പൽ പ്രദേശങ്ങളിൽ വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നു. മെഡിസിൻ, ആംബുലൻസ് സൗകര്യം, പാലിയേറ്റീവ് ഹോംകെയർ, ഹെൽപ്പ് ഡസ്ക് എന്നീ സേവനങ്ങൾ ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.<br><br>വിശപ്പുരഹിത നഗരം പദ്ധതി:- നഗരങ്ങളിൽ എത്തിച്ചേരുന്നവർ ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കണം എന്ന ലക്ഷ്യത്തോടുകൂടി സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയാണിത്. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ പ്രയോജനം പ്രതിദിനം 2000 പേർക്ക് ലഭിക്കുന്നുണ്ട്.<br><br>ശ്രുതിതരംഗം പദ്ധതി: ജൻമനാ തന്നെ കേൾവിശക്തിയും സംസാര ശേഷിയുമില്ലാത്ത കുട്ടികളിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തിയും സംസാര ശേഷിയും വീണ്ടെടുക്കുന്ന ഒരു പദ്ധതിയാണ് ശ്രുതിതരംഗം. കോക്ലിയാർ ഇംപ്ലാന്റിന്റെ വിലയും, ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ ചാർജും ഉൾപ്പെടെ ഒരു കുട്ടിയ്ക്ക് 5 ലക്ഷത്തോളം രൂപയുടെ ആനുകൂല്യം ഈ പദ്ധതിയിലൂടെ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നു. ഒരു വർഷം 200 ശസ്ത്രക്രിയകൾ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| ബി | കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന് സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; അതിന്റെ വിശദാംശം നല്കാമോ ? | ബി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അവരുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്ത്, കോർപ്പറേഷനുകൾ 10 ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>മേൽ വിവരിച്ച തരത്തിൽ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി ആകെ 12, 00,18,576/- രൂപ സമാഹരിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ